# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 547 | 05.06.2018 - ൽ മറുപടിയ്ക്ക് |
|---|---|

## ജി .എസ്. ടി .നടപ്പിലാക്കിയത് മൂലം സംസ്ഥാന സാമ്പത്തിക രംഗത്തുണ്ടായ മാറ്റങ്ങൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.കെ. കൃഷ്ണൻകുട്ടി | | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
| (എ) | കേന്ദ്രസർക്കാർ പാസാക്കിയ ജി.എസ്.ടി നിയമം നടപ്പിലാക്കിയത് സംസ്ഥാന വരുമാനത്തെ എങ്ങനെയാണ് ബാധിച്ചിട്ടുള്ളതെന്ന് വിശദീകരിക്കാമോ; | (എ) യും (ബി) യും | ജി.എസ്.ടി നടപ്പാക്കിയശേഷം സംസ്ഥാനം പ്രതീക്ഷിച്ച രീതിയിലുള്ള നികുതി പിരിവ് ഉണ്ടായിട്ടില്ല. എന്നാൽ മുൻകാലങ്ങളിലെ വാർഷിക നികുതിവർദ്ധനവ് നിരക്ക് പരിഗണിക്കുമ്പോൾ ജി.എസ്.ടി യിൽ സംസ്ഥാനത്തിനുണ്ടായ നികുതി നഷ്ടത്തിന് വാർഷിക വർദ്ധനവ് 14% നിരക്കിൽ കോമ്പൻസേഷൻ കേന്ദ്രത്തിൽ നിന്നും ലഭിച്ചിട്ടുണ്ട്. 2018 മാർച്ച് മാസം വരെയുള്ള കോമ്പൻസേഷൻ ഇതിനകം സംസ്ഥാനത്തിന് ലഭിച്ചിട്ടുണ്ട്. ആയതിനാൽ വരുമാന നഷ്ടമുണ്ടായതായി കണക്കാക്കാനാവില്ല.<br><br>റിട്ടേണുകൾ അതിന്റെ പൂർണ്ണമായ രീതിയിൽ ഫയൽ ചെയ്യപ്പെടാത്തതിനാലും റിട്ടേണുകളിലെ വിവരങ്ങൾ പൂർണ്ണമായി സംസ്ഥാനത്തിന് ലഭ്യമാകാത്തതിനാലും ഇതു തമ്മിലുള്ള സൂക്ഷ്മപരിശോധന നടത്തുവാൻ കഴിയാത്ത സാഹചര്യമാണ് നിലവിലുള്ളത്. ആയതിനാൽ മേഖല തിരിച്ചുള്ള കൃത്യമായ കണക്കുകൾ വേർതിരിച്ച് എടുക്കാറായിട്ടില്ല. |
| (ബി) | ജി.എസ്.ടി നടപ്പിലാക്കിയത് മൂലം ഏതൊക്കെ മേഖലകളിലാണ് സർക്കാരിന് നഷ്ടം സംഭവിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | | |
| (സി) | ജി.എസ്.ടി നടപ്പിൽ വരുത്തിയതിനു ശേഷം നടന്ന വിവിധ ജി.എസ്.ടി കൗൺസിലുകളിൽ കേരള സർക്കാർ മുന്നോട്ട് വച്ച നിർദ്ദേശങ്ങൾ ക്രോഡീകരിച്ചു നൽകാമോ; | (സി) യും (ഡി) യും | ജി.എസ്.ടി നടപ്പാക്കിയ ശേഷം ജി.എസ്.ടി കൗൺസിൽ 9 തവണ യോഗം ചേർന്നിട്ടുണ്ട്. ഇതിൽ സംസ്ഥാനസർക്കാർ ഉന്നയിച്ച പ്രധാനപ്പെട്ട വിഷയങ്ങളും ജി.എസ്.ടി കൗൺസിലിലെ തീരുമാനങ്ങളും ചുവടെചേർക്കുന്നു. |

| | | | |
|---|---|---|---|
| (ഡി) | പ്രസ്തുത നിർദ്ദേശങ്ങളിൽ ജി.എസ്.ടി കൗൺസിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ? | | കോമ്പോസിഷൻ പരിധി ഒരു കോടിയായി ഉയർത്തി. ഇത് ചെറുകിടവ്യാപാരമേഖലയ്ക്ക് സഹായകമായി. പ്രാപ്യസ്ഥാന നികുതി നിയമത്തിൽ വ്യക്തത വരുത്തുന്നതിനായി കഴിഞ്ഞു. സംസ്ഥാന ലോട്ടറിക്കും അന്യസംസ്ഥാന ലോട്ടറിക്കും വ്യത്യസ്ത നിരക്ക് കൊണ്ടുവരാൻ കഴിഞ്ഞു. ഇതിലൂടെ അന്യസംസ്ഥാന ലോട്ടറി ഒരുപരിധി വരെ അനാകർഷകമാക്കാൻ കഴിഞ്ഞു. ആന്റിപ്രോഫിറ്റിയറിംഗ് നിയമം പ്രാബല്യത്തിൽ വരുത്തി. ചരക്കുനീക്കം സംബന്ധിച്ച വിവരം യഥാസമയം ലഭ്യമാകുന്ന ഇ-വേ ബിൽ സമ്പ്രദായം വേഗത്തിൽ പ്രാബല്യത്തിൽ കൊണ്ടുവരാൻ കഴിഞ്ഞു. ഇത് ഉപഭോക്തൃസംസ്ഥാനമായ കേരളത്തിന് പ്രാപ്യാധിഷ്ഠിത നികുതി കൃത്യമായി ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ സഹായിക്കും. ഇ-കോമേഴ്സ് മേഖലയെ ജി.എസ്.ടി യിൽ കൊണ്ടുവരാൻ കഴിഞ്ഞു. ഗവൺമെന്റ് വർക്ക്സ് കോൺട്രാക്ടുകൾക്ക് നികുതി 18% ൽ നിന്ന് 12% ആയി കുറച്ചു. 70% ന് മുകളിൽ ലേബർ മാത്രമുള്ള വർക്കുകളുടെ നികുതി 5% ആയി കുറച്ചു. അൺബ്രാൻഡഡ് ആയ ആയുർവേദ, യുനാനി, സിദ്ധ, ഹോമിയോപ്പതി മെഡിസിനുകൾക്ക് നികുതി 12% ൽ നിന്ന് 6% ആക്കി. പ്ലാസ്റ്റിക് വേസ്റ്റ്, സ്ക്രാപ്പ്, ഇ-വേസ്റ്റ്, ഗ്ലാസ് സ്ക്രാപ്പ് എന്നിവയ്ക്ക് 18% ൽ നിന്ന് 5% ഉം പേപ്പർ വേസ്റ്റിന് 12% ൽ നിന്ന് 5% ആയും കുറച്ചു. റബ്ബർ മേഖലയിൽ റബ്ബർബാൻഡിന് 28%ൽ നിന്ന് 12% ആയും റബ്ബർ വേസ്റ്റ്, സ്ക്രാപ്പ് എന്നിവയ്ക്ക് 18% ൽ നിന്ന് 5% ആയും ഹാർഡ്റബ്ബർ വേസ്റ്റിന് 28% ൽ നിന്ന് 5% ആയും കുറച്ചു. പ്രവാസികൾ ഗിഫ്റ്റ് അയയ്ക്കുന്ന 5000/- രൂപ വരെയുള്ള സാധനങ്ങൾക്ക് ഐ.ജി.എസ്.ടി ഒഴിവാക്കി. ഖാദിമേഖലയിൽ ഖാദികമ്മീഷൻ സ്റ്റോറുകൾ വഴി വിൽക്കുന്ന വസ്തുങ്ങൾക്ക് ജി.എസ്.ടി ഒഴിവാക്കി. റസ്റ്റോറന്റ് മേഖലയിൽ നികുതി പരിഷ്കരിച്ചു. കോമ്പോണ്ടിംഗ് വ്യവസ്ഥ കൊണ്ടുവരുകയും നികുതിനിരക്ക് 5% ആയി കുറയ്ക്കുകയും ചെയ്തു. ചെറുകിടമേഖലയിൽ കവറുകളിൽ വിൽക്കുന്ന സെമികുക്ക്ഡ് ചപ്പാത്തി തുടങ്ങിയവയുടെ നികുതിനിരക്ക് 5% |

| | | | |
|---|---|---|---|
| | | | ആയി കുറച്ചു. ടൂറിസം മേഖലയിൽ ഹൗസ്ബോട്ടുകളെ ടൂർ ഓപ്പറേറ്റർ പാക്കേജിൽ ഉൾപ്പെടുത്തി നികുതിനിരക്ക് 28% ൽ നിന്ന് 5% ആയി കുറച്ചു. ഇതുകൂടാതെ 22-ാമത് ജി.എസ്.ടി കൗൺസിൽ തീരുമാനപ്രകാരം 15.11.2017 മുതൽ 28% ൽ ഉണ്ടായിരുന്ന കൂടുതൽ സാധനങ്ങളുടെയും നികുതിനിരക്ക് 18% ഉം 12% ഉം ആയി കുറയ്ക്കുകയുണ്ടായി. വാറ്റ് സമയത്ത് കുറഞ്ഞ നികുതിനിരക്കുണ്ടായിരുന്ന സാധനങ്ങൾക്ക് ജി.എസ്.ടി നടപ്പിലാക്കിയപ്പോൾ മൊത്തം നികുതിനിരക്ക് കൂടുകയുണ്ടായി. അത്തരം സാധനങ്ങളുടെ നികുതിനിരക്ക് ഒരു പരിധിവരെ കുറയ്ക്കാൻ കേരളത്തിന്റെ ഇടപെടൽ സഹായിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**